"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്- കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഡ്രൈവർ ശ്രീ. ബിജുമോൻ ജെ.-യെ ഇ.പി.എഫ് പെൻഷൻ ആനുകൂല്യത്തിന് അർഹനാക്കുന്നതിനായി ടിയാന്റെ വിരമിക്കൽ പ്രായം 56.-ൽ നിന്നും 58 വയസ്സായി ഉയർത്തിക്കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

സ.ഉ.(കൈ) നം.37/2021/തൊഴിൽ    തീയതി,തിരുവനന്തപുരം, 29/07/2021

പരാമർശം:- 1. 29/11/2010-ലെ സ.ഉ(കൈ)നം.143/10/തൊഴിൽ

2. 30/12/2019-ലെ സ.ഉ.(കൈ) നം. 71/2019/തൊഴിൽ

3. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടിവിന്റെ 24/01/2020-ലെ 890/എ1/2016 നമ്പർ കത്ത്

4 കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാന്റെ 06/02/2020-ലെ കത്ത്

ഉത്തരവ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 01.04.2013-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച അംഗപരിമിതരായ സ്ഥിരം ജീവനക്കാർക്ക് ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിന് അർഹരാക്കുന്നതിനായി പ്രസ്തുത ജീവനക്കാരുടെ വിരമിക്കൽ പ്രായം 56-ൽ നിന്നും 60 വയസ്സ് ആക്കി ഉയർത്തികൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ടെന്നും എന്നാൽ ഇതേ കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചതും ബോർഡിലെ ഒരേയൊരു ഡ്രൈവർ തസ്തികയിൽ ജോലിചെയ്തുവരുന്നതുമായ ശ്രീ. ബിജുമോൻ ജെ.-യ്ക്ക് മാത്രമാണ് വിരമിക്കൽ പ്രായം ഇപ്പോഴും 56 വയസ്സായി നിലനിൽക്കുന്നതെന്നും, വിരമിക്കുന്ന സമയത്ത് ടിയാന് മാത്രം ഇ.പി.എഫ് പെൻഷനോ മറ്റേതെങ്കിലും പെൻഷനോ അർഹതയില്ലാത്ത അവസ്ഥയാണുള്ളതെന്നും ആയതിനാൽ ടിയാന് ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിനായി ടിയാന്റെ വിരമിക്കൽ പ്രായം 56-ൽ നിന്നും 60 വയസ്സാക്കി ഉയർത്തണമെന്ന് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടിവ് പരാമർശം (3) പ്രകാരവും, ബോർഡ് ചെയർമാൻ പരാമർശം (4) പ്രകാരവും സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസവേതന അടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ 09/08/1998 മുതൽ ജോലി ചെയ്തിരുന്ന ശ്രീ. ബിജുമോൻ ജെ.-യ്ക്ക് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ടി തസ്തികയിൽ സ്ഥിര നിയമനം നൽകി ഉത്തരവായിരുന്നു. 01/04/2013-ന് മുൻപ് ബോർഡ് സർവ്വീസിൽ പ്രവേശിച്ചവരിൽ ശ്രീ. ബിജുമോൻ ജെ. ഒഴികെ മറ്റുള്ളവർ സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം ലഭിച്ച അംഗപരിമിതരാണ്.

3. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടില്ലാത്തതിനാൽ ടി ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയല്ല നടത്തുന്നത്. ആയതിനാൽ. സംസ്ഥാന ജീവനക്കാർക്കും കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി നിയമനം ലഭിക്കുന്ന മറ്റ് ക്ഷേമനിധി ബോർഡുകളിലെ ജീവനക്കാർക്കും ബാധകമായ കെ.എസ്.ആർ പ്രകാരമുള്ള പെൻഷൻ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടില്ല. ടി ജീവനക്കാരെ ഇ.പി.എഫ് പെൻഷൻ പദ്ധതിയിലാണ് നിലനിർത്തിയിട്ടുള്ളത്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡ്രൈവർ തസ്തികയിൽ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുകയും പ്രസ്തുത തസ്തികയിൽ തുടർന്ന് വരുന്നതുമായ ശ്രീ. ബിജുമോൻ ജെ.-യ്ക്ക് ഇ.പി.എഫ്. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ടിയാന്റെ പെൻഷൻ പ്രായം 56-ൽ നിന്ന് 58 വയസ്സായി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ഓഡിറ്റ്). കേരളം. തിരുവനന്തപുരം.

ശ്രീ. ബിജുമോൻ ജെ, ഡ്രൈവർ (കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, ചീഫ് എക്സിക്യൂട്ടീവ് മുഖേന)

പൊതുഭരണ (എസ്.സി) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

തൊഴിലും നൈപുണ്യവും വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by Aswathi K S
Date: 30-07-2021 11:00:45
സെക്ഷൻ ഓഫീസർ
Reason: Approved

155

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## 66 - മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ആർ2/31/2020/തൊഴിൽ |
| 2 | വകുപ്പ് | : | തൊഴിലും നൈപുണ്യവും (ആർ) വകുപ്പ് |
| 3 | വിഷയം | : | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഡ്രൈവർ ശ്രീ. ബിജുമോൻ ജെ.-യെ ഇ.പി.എഫ് പെൻഷൻ ആനുകൂല്യത്തിന് അർഹനാക്കുന്നതിനായി ടിയാന്റെ വിരമിക്കൽ പ്രായം 56 ൽ നിന്നും 58 വയസ്സാക്കി ഉയർത്തുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04/07/2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഇല്ല. |
| | ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധന-കാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ഡി.ലാൽ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി. മിനി ആന്റണി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14/07/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/07/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15/07/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27/07/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

67 കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഡ്രൈവർ ശ്രീ. ബിജുമോൻ ജെ.-യെ ഇ.പി.എഫ് പെൻഷൻ ആനുകൂല്യത്തിന് അർഹനാക്കുന്നതിനായി ടിയാന്റെ വിരമിക്കൽ പ്രായം 56 ൽ നിന്നും 58 വയസ്സാക്കി ഉയർത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

68 2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 01.04.2013-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച അംഗപരിമിതരായ സ്ഥിരം ജീവനക്കാർക്ക് ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിന് അർഹരാക്കുന്നതിനായി പ്രസ്തുത ജീവനക്കാരുടെ വിരമിക്കൽ പ്രായം 56-ൽ നിന്നും 60 വയസ്സ് ആക്കി ഉയർത്തികൊണ്ട് 30/12/2019 ലെ സ.ഉ(കൈ)നം. 71/2019/തൊഴിൽ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ടെന്നും എന്നാൽ ഇതേ കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചതും ബോർഡിലെ ഒരേയൊരു ഡ്രൈവർ തസ്തികയിൽ ജോലിചെയ്തുവരുന്നതുമായ ശ്രീ. ബിജുമോൻ ജെ.-യ്ക്ക് മാത്രമാണ് വിരമിക്കൽ പ്രായം ഇപ്പോഴും 56 വയസ്സായി നിലനിൽക്കുന്നതെന്നും, വിരമിക്കുന്ന സമയത്ത് ടിയാന് മാത്രം ഇ.പി.എഫ് പെൻഷനോ മറ്റേതെങ്കിലും പെൻഷനോ അർഹതയില്ലാത്ത അവസ്ഥയാണുള്ളതെന്നും ആയതിനാൽ ടിയാന് ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിനായി വിരമിക്കൽ പ്രായം 60 വയസ്സാക്കി ഉയർത്തണമെന്ന് 21/01/2020-ലെ 204-ാംമത് ബോർഡ് യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിരുന്നു.

69 3. പ്രസ്തുത ശിപാർശയിൻമേൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ടി വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കി.

" ദിവസവേതനത്തിൽ ജോലിചെയ്ത് വരവെയാണ് 29/11/2010-ലെ സ.ഉ (എം.എസ്) നം.143/2010/തൊഴിൽ ഉത്തരവ് പ്രകാരം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡ്രൈവർ തസ്തികയിൽ ശ്രീ. ബിജുമോനെ 2010-ൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ബാധകമായ വിരമിക്കൽ ചട്ടങ്ങളാണ് ടിയാന് ബാധകമാകുന്നത്. സർക്കാർ

ജീവനക്കാരുടെയോ സർക്കാരിനു കീഴിലുള്ള കമ്പനികളിലെയോ കോർപ്പറേഷനുകളിലെയോ ബോർഡുകളിലെയോ ജീവനക്കാരുടെ നിലവിലെ വിരമിക്കൽ പ്രായം ഉയർത്തേണ്ടതില്ല എന്നതാണ് സർക്കാരിന്റെ പൊതുവായ നയം. ഇ.പി.എഫ് പെൻഷന് അർഹത ലഭിക്കുന്നതിനായി വിരമിക്കൽ പ്രായം ഉയർത്തി നൽകണമെന്ന ആവശ്യം അതിനാൽ പരിഗണനാർഹമല്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. "

70 4. ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവിനെ അറിയിച്ചതിനെ തുടർന്ന് ഇ.പി.എഫ്. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ശ്രീ. ബിജുമോൻ ജെ.-യുടെ പെൻഷൻ പ്രായം 56-ൽ നിന്ന് 60 വയസ്സായി ഉയർത്തണമെന്നാവശ്യപ്പെട്ട് ബോർഡ് ചെയർമാൻ 06/02/2020-ലെ കത്തിലൂടെ മുൻ തൊഴിൽ വകുപ്പ് മന്ത്രി മുമ്പാകെ ശിപാർശ സമർപ്പിച്ചിരുന്നു.

71 5. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസവേതന അടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ 09/08/1998 മുതൽ ജോലി ചെയ്തിരുന്ന ശ്രീ. ബിജുമോൻ ജെ.-യ്ക്ക് 29/11/2010-ലെ G.O.(Ms) No.143/10/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരമാണ് ടി തസ്തികയിൽ സ്ഥിര നിയമനം നൽകി ഉത്തരവായത്. 01/04/2013-ന് മുൻപ് ബോർഡ് സർവ്വീസിൽ പ്രവേശിച്ചവരിൽ ശ്രീ. ബിജുമോൻ ജെ. ഒഴികെ മറ്റുള്ളവർ സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം ലഭിച്ച അംഗപരിമിതരാണ്.

72. 6. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടില്ലാത്തതിനാൽ ടി ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയല്ല നടത്തുന്നത്. ആയതിനാൽ, സംസ്ഥാന ജീവനക്കാർക്കും കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി നിയമനം ലഭിക്കുന്ന മറ്റ് ക്ഷേമനിധി ബോർഡുകളിലെ ജീവനക്കാർക്കും ബാധകമായ കെ.എസ്.ആർ പ്രകാരമുള്ള പെൻഷൻ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടില്ല. ടി ജീവനക്കാരെ ഇ.പി.എഫ് പെൻഷൻ പദ്ധതിയിലാണ് നിലനിർത്തിയിട്ടുള്ളത്. ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിന് 58 വയസ്സ് വരെ സർവ്വീസിൽ തുടരേണ്ടതുണ്ട്. എന്നാൽ അത്തരത്തിൽ പെൻഷൻ പ്രായം വർദ്ധിപ്പിച്ചു നൽകുന്നതിന് കേരള കർഷക തൊഴിലാളി ക്ഷേമനിധി

ബോർഡിന്റെ ആക്റ്റിലും, റൂളിലും വ്യവസ്ഥയില്ല.

73 7. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഡ്രൈവർ ശ്രീ. ബിജുമോൻ ജെ.-യ്ക്ക് ഇ.പി.എഫ്. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ടിയാന്റെ പെൻഷൻ പ്രായം 56-ൽ നിന്ന് 60 വയസ്സായി ഉയർത്തണമെന്നാവശ്യപ്പെട്ട് ബോർഡ് ചെയർമാൻ 06/02/2020-ൽ സമർപ്പിച്ച ശിപാർശ പരിശോധിക്കുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് ഇക്കാര്യം ഒരു പ്രത്യേക കേസായി പരിഗണിക്കുന്നതിന് മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

74. **തീരുമാനിക്കേണ്ട വിഷയം**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡ്രൈവർ തസ്തികയിൽ 29/11/2010-ലെ സ.ഉ(കൈ)നം.143/10/തൊഴിൽ പ്രകാരം സ്ഥിരപ്പെടുത്തു കയും പ്രസ്തുത തസ്തികയിൽ തുടർന്ന് വരുന്നതുമായ ശ്രീ. ബിജുമോൻ ജെ.-യ്ക്ക് ഇ.പി.എഫ്. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ടിയാന്റെ പെൻഷൻ പ്രായം 56-ൽ നിന്ന് 58 വയസ്സായി ഉയർത്തണമെന്ന നിർദ്ദേശം, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് അംഗീകരിക്കാമോ?

File No.LBRD-R2/31/2020-LBRD

- 51 -

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-07-2021

ഫയൽ നം. ആർ2/31/2020/തൊഴിൽ. ഇനം നം: 155

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഡ്രൈവർ ശ്രീ. ബിജുമോൻ. ജെ-യെ ഇ.പി.എഫ്. പെൻഷൻ ആനുകൂല്യത്തിന് അർഹനാക്കുന്നതിനായി ടിയാന്റെ വിരമിക്കൽ പ്രായം 56-ൽ നിന്നും 58 വയസ്സാക്കി ഉയർത്തുന്നത്.

75 തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

AS/SN
For issuing the G.O

സെക്രട്ടറി, തൊഴിലും-നൈപുണ്യവുംവകുപ്പ്.